LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് ലൈറ്റുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടി

138 (588) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സ്വന്തമായി ഫണ്ട് ഉണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ബൈപ്പാസുകളിലും മറ്റു ജംഗ്ഷനുകളിലും സ്ഥാപിച്ചിട്ടുള്ള ട്രാഫിക് ലൈറ്റുകൾ കേടുപാടുകൾ തീർക്കുന്നതിനോ, പുതുക്കി പണിയുന്നതിനോ പ്രസ്തുത അതോറിറ്റിയുടെ ഫണ്ട് വിനിയോഗിക്കാമോ എന്ന് വെളിപ്പെടുത്തുമോ ;

(സി) വടകരയിൽ അടയ്ക്കാത്തെരു, നാരായണനഗരം, പുഞ്ചരിമിൽ (പെരുവാട്ടുംതാഴ), കൈനാട്ടി എന്നിവിടങ്ങളിൽ ട്രാഫിക് ലൈറ്റ് ഇല്ലാത്തതു കൊണ്ട് ഉണ്ടാകുന്ന അപകടങ്ങളും മറ്റ് ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മോട്ടോർ വാഹനവകുപ്പ് വാഹന ഉടമകളിൽനിന്ന് പിരിച്ചെടുക്കുന്ന സെസ്സും, മോട്ടോർ വാഹനവകുപ്പും പോലീസ് വകുപ്പും മോട്ടോർ വാഹന നിയമം 200-ാം വകുപ്പ് പ്രകാരം ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീസിന്റെ 50%-ഉം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ലോണുകളും ഗ്രാന്റുകളും ചേർന്ന തുകയിൽനിന്നും സംസ്ഥാന സർക്കാർ അപ്രോപ്രിയേഷൻവഴി വകയിരുത്തുന്ന തുകയുമാണ് കേരള റോഡ് സുരക്ഷാ ഫണ്ട്.

(ബി) ബൈപാസുകളിലും മറ്റ് ജംഗ്ഷനുകളിലും സ്ഥാപിച്ചിട്ടുള്ള ട്രാഫിക് ലൈറ്റുകളുടെ കേടുപാടുകൾ തീർക്കേണ്ടത് അവ സ്ഥാപിക്കുന്ന വകുപ്പുകളാണ്.

(സി) അപകടസാധ്യതാ മേഖലകൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് അടിസ്ഥാനപരമായി കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തുവരുന്നത്. വടകരയിലെ പ്രസ്തുത സ്ഥലങ്ങളിൽ ട്രാഫിക് ലൈറ്റ് സ്ഥാപിക്കേണ്ടത് പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പുമാണ്. ഇത്തരത്തിലുള്ള അടിസ്ഥാന ജോലി നിർവഹണം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ല.

കേരള റോഡ് സേഫ്റ്റി അതോറിറ്റി

139 (589) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;